I/554652/2023

**കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്**

(ഹാജർ: അംബിക എ. പി.)

വിഷയം: പൊതുവിദ്യാഭ്യാസം – അന്തർജില്ലാ സ്ഥലംമാറ്റം – 2023-24 – ഹൈസ്കൂൾ കോർ വിഷയങ്ങൾ - അന്തിമ ഉത്തരവ് - പുറപ്പെടുവിക്കുന്നു.

സൂചന: 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.10.2023 തീയതിയിലെ എ1/11483/2023/ഡിജിഇ നമ്പർ പരിപത്രം.

2. 24.12.2021 തീയതിയിലെ സ.ഉ (പി) നമ്പർ 27/2021 പൊ.വി.വ.

3. 02.12.1991 ലെ സ.ഉ (പി) നമ്പർ 36/91 പി&എ.ആർ.ഡി

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.12.2021 ലെ എ1/13388/2021/ഡിജിഇ നമ്പർ കത്ത്.

5. 07.04.1998 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ1/91060/96 നം. സർക്കുലർ

6. 25.05.1999 ലെ സർക്കാർ ഉത്തരവ് സ.ഉ (കൈ) നമ്പർ 120/11/പൊ.വി.വ.

7. 23.08.2012 ലെ സർക്കാർ ഉത്തരവ് സ.ഉ (പി) നമ്പർ 42/12/ഉ.ഭ.പ

8. ഓൺലൈൻ മുഖേന ലഭിച്ച അപേക്ഷ.

**ഉത്തരവ് നം. DDEKNR/8264/2023-A1 -A4 തീയതി. #ApprovedDate#**

2023-24 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സൂചന (1) പ്രകാരമുള്ള സർക്കുലർ പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയ അധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുകയും സൂചന പ്രകാരം ഓൺലൈൻ വഴി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹരായ അധ്യാപകരുടെ പരാതികൾ പരിഗണിച്ച് താഴെ അനുബന്ധത്തിൽ പറയും പ്രകാരം അവരുടെ പേരിന് നേരെ ചേർത്ത വിദ്യാലയത്തിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സർവ്വീസ് സീനിയോരിറ്റി കണ്ണൂർ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. കൂടാതെ 09.08.1988 ലെ ജി.ഒ (എം.എസ്) നമ്പർ 128/88/ജി ഇ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ദിവസം അധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും. മേൽ അധ്യാപകർ കണ്ണൂർ ജില്ലയിൽ ഏറ്റവും ജൂനിയറായി ജോലി ചെയ്തു കൊള്ളാം എന്നുള്ള സമ്മത പത്രം വിട്ടുതൽ ചെയ്യുന്നതിന് മുൻപ് ടി അധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന വിധ്യലയങ്ങളിലെ പ്രഥമാധ്യാപകർ സ്വീകരിച് മേലൊപ്പ് വച്ച് സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ്. അന്തിമ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രഥമാധ്യാപകർ ബന്ധപ്പെട്ട അധ്യാപകരെ വിടുതൽ ചെയ്യാൻ പാടുള്ളൂ.

23.08.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 42/12 പി&എ.ആർ.ഡി പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം മുഖേന ജില്ലയിൽ പ്രവേശിക്കുന്ന അധ്യാപകർ കണ്ണൂർ ജില്ലയിൽ നിന്നും പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്.

അഞ്ചു വർഷ സേവനകാലയളവ് പൂർത്തീകരിച്ചിട്ടില്ലാത്ത 23.04.2003 ലെ സ.ഉ. (എം.എസ്) 94/2003 പൊ.വി.വ പ്രകാരമുള്ള സ്ഥലങ്ങളിൽ സ്ഥലം മാറ്റം ലഭിച്ചിട്ടുട്ടെങ്കിൽ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അഞ്ചു വർഷക്കാലയളവിൽ ഉത്തരവിൽ പരാമർശിക്കുന്ന ഹിൽ/ റിമോട്ട് ഏരിയകളിൽ മാത്രമേ സ്ഥലം മാറ്റത്തിന് അർഹാത ഉണ്ടായിരിക്കുകയുള്ളൂ.

അന്തർജില്ല സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ തെറ്റായ വിവരം നൽകിയാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചതെന്ന് ബോധ്യപ്പെട്ടാൽ ഉത്തരവ് റദ്ദ് ചെയ്യുന്നതും ബന്ധപ്പെട്ട അധ്യാപകർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്.

അന്തർജില്ല സ്ഥലംമാറ്റം ലഭിച്ച എല്ലാ അധ്യാപകരെയും ഉത്തരവ് തീയതി മുതൽ 14 ദിവസത്തിനകം വിട്ടുതൽ ചെയ്യാൻ എല്ലാ പ്രഥമ അധ്യാപകരും ശ്രദ്ധിക്കേണ്ടതാണ് . സ്ഥലം മാറ്റം ലഭിച്ച എല്ലാ അധ്യാപകരും ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രഥമ അധ്യാപകർ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

I/554652/2023

## അനുബന്ധം

### ഹൈസ്കൂൾ അസിസ്റ്റന്റ് ഫിസിക്കൽ സയൻസ്

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ പേര് | സ്ഥലം മാറ്റം ലഭിച്ച സ്കൂളിന്റെ പേര് |
|---|---|---|---|
| 1 | ഉഷ പി പി | ജി സി എസ് ജി എസ് എസ് എസ് എളംബച്ചി , കാസർഗോഡ് | ജി.എച്ച്.എസ്.എസ്. കടന്നപ്പള്ളി |

### ഹൈസ്കൂൾ അസിസ്റ്റന്റ്സോഷ്യൽസയൻസ്

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ പേര് | സ്ഥലം മാറ്റം ലഭിച്ച സ്കൂളിന്റെ പേര് |
|---|---|---|---|
| 1 | ഷാജി. എം | ജി എച്ച് എസ് എസ് പെരിയ , വയനാട് | ഐ.എം.എൻ.ജി.എച്ച്.എസ്.എസ് മയ്യിൽ |

### ഹൈസ്കൂൾ അസിസ്റ്റന്റ് ഗണിതം

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ പേര് | സ്ഥലം മാറ്റം ലഭിച്ച സ്കൂളിന്റെ പേര് |
|---|---|---|---|
| 1 | സോണിയ. പി. സി | ജി എച്ച് എസ് എസ് പനമരം , വയനാട് | ജി.എച്ച്.എസ്.എസ്. പാല |

### ഹൈസ്കൂൾ അസിസ്റ്റന്റ് നാച്ചുറൽസയൻസ്

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ പേര് | സ്ഥലം മാറ്റം ലഭിച്ച സ്കൂളിന്റെ പേര് |
|---|---|---|---|
| 1 | ഷീന വി | ജി.എച്ച്.എസ്.എസ്. പള്ളിക്കര , കാസർഗോഡ് | ഐ.എം.എൻ.ജി.എച്ച്.എസ്.എസ് മയ്യിൽ |

Signed by
Ambika A P
Date: 20-12-2023 11:38:58

വിദ്യാഭ്യാസ ഉപ ഡയറക്ടർ , കണ്ണൂർ

സ്വീകർത്താവ്:- ബന്ധപ്പെട്ട അധ്യാപകർക്ക്
പകർപ്പ്:- ബന്ധപ്പെട്ട പ്രധാനധ്യാപകന്